**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2931** **07-10-2025 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടി തിരൂർ നിയോജക മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ നടപ്പിലാക്കിയവയുടേയും നടപ്പിലാക്കാത്തവയുടേയും വിവരങ്ങൾ, നടപ്പാക്കാത്തവ ഉണ്ടെങ്കിൽ അതിനു കാരണം, വകയിരുത്തിയിരുന്ന തുകയിൽ ചെലവഴിക്കാതെ നഷ്ടപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരവും കാരണവും, പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ നടപ്പിലാക്കാനുള്ളവയുണ്ടെങ്കിൽ എന്നത്തേക്ക് അത് പൂർത്തിയാക്കും എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>വിവരം ശേഖരിച്ച് വരുന്നു.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടി തിരൂർ നിയോജക മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>2021-22 വർഷത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട തിരുനാവായ ഗ്രാമ പഞ്ചായത്തിലെ വാവൂർകുന്ന് പട്ടികജാതി നഗറിൽ 30% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.<br><br>2023-24 വർഷത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട വെട്ടം ഗ്രാമ പഞ്ചായത്തിലെ തിരുത്തിപ്പറമ്പ് നഗറിലെ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസി 29/06/2024 ന് ടെൻഡർ വിളിക്കുകയും 18/07/2024 ,07/10/2024, 23/11/2024 എന്നീ തീയതികളിൽ റീടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടും പ്രവർത്തി ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറായിരുന്നില്ല. നിലവിൽ ഒരു കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | തിരൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ? | (ബി) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>വിവരം ശേഖരിച്ച് വരുന്നു.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടി തിരൂർ നിയോജക മണ്ഡലത്തിൽ 2021 |

| | | | |
|---|---|---|---|
| | | | മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>2021-22 വർഷത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട തിരുനാവായ ഗ്രാമ പഞ്ചായത്തിലെ വാവൂർകുന്ന് പട്ടികജാതി നഗറിൽ 30% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.<br><br>2023-24 വർഷത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട വെട്ടം ഗ്രാമ പഞ്ചായത്തിലെ തിരുത്തിപ്പറമ്പ് നഗറിലെ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസി 29/06/2024 ന് ടെൻഡർ വിളിക്കുകയും 18/07/2024 ,07/10/2024, 23/11/2024 എന്നീ തീയതികളിൽ റീടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടും പ്രവർത്തി ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറായിരുന്നില്ല. നിലവിൽ ഒരു കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ